പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2453 — 18.7.2011 ന് മറുപടി നൽകേണ്ടിയിരുന്നത്

സ്വകാര്യ തൊഴിലധിഷ്ഠിത കോഴ്സുകൾ നിയന്ത്രിക്കാനും നിരീക്ഷിക്കാനും സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായി സ്വകാര്യ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനങ്ങൾ വൻ തുക ഫീസായി ഈടാക്കുന്നതും തൊഴിൽരഹിതരെ കബളിപ്പിക്കുന്നതും നിരീക്ഷിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഇക്കാര്യം സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നു. |
| (ബി) ഈ രംഗത്തെ തട്ടിപ്പുകൾ നിയന്ത്രിക്കാനും നിരീക്ഷിക്കാനും എന്തെങ്കിലും നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉദ്ദേശിക്കുന്നുണ്ട്. |
| (സി) സ്വകാര്യ മേഖലയിലെ തൊഴിലധിഷ്ഠിത കോഴ്സുകളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകളും കോഴ്സ് സർട്ടിഫിക്കറ്റുകളും സംസ്ഥാന സർക്കാർ വകുപ്പുകൾ സാക്ഷ്യപ്പെടുത്തി | (സി) അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐ. കളുടെ സർട്ടിഫിക്കറ്റുകൾ ഒഴികെ മറ്റ് സ്വകാര്യമേഖലയിലെ സർട്ടിഫിക്കറ്റുകൾ വ്യാവസായിക പരിശീലന വകുപ്പ് സാക്ഷ്യപ്പെടുത്തി നൽകുന്നില്ല. സ്വകാര്യമേഖല നേരിട്ട് നടത്തിവരുന്ന കോഴ്സ് സർട്ടിഫിക്കറ്റുകളും |

നൽകുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ ഏതൊക്കെ സർട്ടിഫിക്കറ്റുകൾ ഏതൊക്കെ വകുപ്പുകൾ സാക്ഷ്യപ്പെടുത്തുന്നതെന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

യോഗ്യത സർട്ടിഫിക്കറ്റുകളും സാങ്കേതിക വിദ്യാഭ്യാസവകുപ്പ് സാക്ഷ്യപ്പെടുത്തി നൽകുന്നില്ല; എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വകാര്യമേഖലയിലെ സർക്കാർ അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളുടെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പരീക്ഷ നടത്തി നൽകുന്ന യോഗ്യത സർട്ടിഫിക്കറ്റുകൾ പ്രസ്തുത വകുപ്പ് തന്നെ സാക്ഷ്യപ്പെടുത്തി നൽകുന്നുണ്ട്. ഇങ്ങനെ സാക്ഷ്യപ്പെടുത്തി നൽകുന്ന യോഗ്യത സർട്ടിഫിക്കറ്റുകൾ താഴെ പറയുന്നവയാണ്.

1. കേരള സർക്കാർ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (കെ.ജി.സി.ഇ)
2. ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി (എഫ്.ഡി.ജി.റ്റി)
3. എഞ്ചിനീയറിംഗ് ഡിപ്ലോമ സർട്ടിഫിക്കറ്റ്
4. ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് സർട്ടിഫിക്കറ്റ്.

സെക്ഷൻ ഓഫീസർ